**പതിനാലാം കേരളനിയമസഭ**
**പത്താം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 145** | **26.02.2018-ൽ മറുപടിക്ക്** |
|---|---|

## സൈബർ കുറ്റകൃത്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. മുരളീധരൻ<br>,, അനൂപ് ജേക്കബ്<br>,, ഷാഫി പറമ്പിൽ<br>,, എം. വിൻസെന്റ് | | പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുറ്റകൃത്യങ്ങൾ തടയുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | (ബി) | സംസ്ഥാനത്ത് സൈബർ സുരക്ഷ ഒരുക്കുന്നതിനും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും വേണ്ടി ഇന്റർനെറ്റ്, ഇ-മെയിൽ തുടങ്ങിയവ സുരക്ഷിതമായി ഉപയോഗിക്കുന്നതിനും സോഷ്യൽ മീഡിയ സൈറ്റുകൾ ഏതെല്ലാം രീതിയിൽ ദുരുപയോഗം ചെയ്യപ്പെടുന്നു എന്നതിനെ സംബന്ധിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് സാമൂഹിക സാംസ്കാരിക സംഘടനകളിലും ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നുണ്ട്. കൂടാതെ സൈബർ ലോകത്തെ ചതിക്കുഴികളെ സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് എസ്.പി.സി. പദ്ധതി മുഖേനയും പൊതുജനങ്ങൾക്ക് ജനമൈത്രി പോലീസ് സംവിധാനം മുഖേനയും അവബോധം നൽകുകയും, കൂടാതെ സൈബർ സുരക്ഷയ്ക്കായി തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന CYBERDOM വഴി നിരീക്ഷണം നടത്തി വരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | സൈബർ കേസുകൾ കൈകാര്യം ചെയ്യുവാൻ നിലവിൽ എത്ര സൈബർ പോലീസ് സ്റ്റേഷനുകളുണ്ട്; പ്രസ്തുത സ്റ്റേഷനുകളിൽ 2017-ൽ ഇപ്രകാരമുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തെന്നും എത്ര കേസുകളുടെ അന്വേഷണം പൂർത്തിയായെന്നും വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് സൈബർ കേസുകൾ കൈകാര്യം ചെയ്യുന്നതിലേക്കായി തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷനാണ് നിലവിലുള്ളത്. ടി പോലീസ് സ്റ്റേഷനിൽ 2017 വർഷം 37 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളെല്ലാം തന്നെ അന്വേഷണാവസ്ഥയിലാണ്. |

സെക്ഷൻ ഓഫീസർ